# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 228 01.12.2014-ൽ മറുപടിയ്ക്ക്

### രാഷ്ട്രീയ പ്രവർത്തകർ കൊലചെയ്യപ്പെട്ട കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ രാഷ്ട്രീയ പ്രവർത്തകർ കൊല ചെയ്യപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം തീയതികളിൽ ആരെല്ലാമാണ് കൊല്ലപ്പെട്ടത് ; വ്യക്ത മാക്കാമോ; | (എ) & (ബി)<br>20 രാഷ്ട്രീയ കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 19 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റു വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഓരോ കേസ്സിന്റെയും അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ; | |
| സി) ഇതിൽ പ്രധാന പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാത്ത കേസുകൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ; | (സി) മേല്പറഞ്ഞ 19 രാഷ്ട്രീയ കൊലപാതക കേസുകളിൽ പ്രധാന പ്രതികളെ എല്ലാം തന്നെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. |
| ഡി) കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ എത്ര; | (ഡി) 11 കേസുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിച്ചു. |
| ഇ) ഇവയിൽ പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തി അന്വേഷണം നടത്തിയവ ഏതെല്ലാം ; | (ഇ) മേല്പറഞ്ഞ കൊലപാതക കേസുകളിൽ പയ്യോളി മനോജൻ, അനീഷ് രാജൻ, റ്റി. പി. ചന്ദ്രശേഖരൻ, മനോജ് കുമാർ എന്നീ 4 കേസുകളിലാണ് പ്രത്യേകഅന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിയിട്ടുള്ളത്. |
| എഫ്) അന്വേഷണം സി.ബി.ഐ.-യെ ഏല്പിച്ചവ ഏതെല്ലാം; അതിന്റെ കാരണം വിശദമാക്കാമോ; | (എഫ്) ബി. ജെ. പി. / ആർ. എസ്. എസ്. പ്രവർത്തകനായ മനോജ് കുമാർ വധക്കേസിന്റെ അന്വേഷണം സി.ബി.ഐ. യ്ക്ക് കൈമാറിയിട്ടുള്ളതാണ്. സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് പരിഗണിച്ചാണ് പ്രസ്തുത കേസ് സി.ബി.ഐ. യ്ക്ക് കൈമാറാൻ തീരുമാനിച്ചത്. |

| | | | |
|---|---|---|---|
| ജി) | കൊലപാതക കേസ് സി.ബി.ഐ.യ്ക്ക് വിടുന്ന മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ ? | (ജി) | സി. ബി. ഐ. അന്വേഷണത്തിനായി പ്രത്യേക മാനദണ്ഡം ഒന്നും തന്നെ നിശ്ചയിച്ചിട്ടില്ല. എന്നാൽ കേസിന്റെ സ്വഭാവവും, വിവിധ കോണുകളിൽ നിന്നുള്ള അഭ്യർത്ഥനകളും കൊല്ലപ്പെട്ടയാളിന്റെ ബന്ധുക്കളുടെ അപേക്ഷയും അന്വേഷണ ഉദ്യോഗസ്ഥൻ/ സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ടും കോടതി നിരീക്ഷണവും പരിഗണിച്ചാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | കൊല്ലപ്പെട്ടയാളുടെ പേര് | തീയതി | അന്വേഷണ പുരോഗതി |
|---|---|---|---|
| 1 | അഷ്‌റഫ് | 19/05/11 | കുറ്റപത്രം സമർപ്പിച്ചു |
| 2 | സി. റ്റി. അൻവർ | 05/07/11 | കുറ്റപത്രം സമർപ്പിച്ചു |
| 3 | ഷാരോൺ | 19/01/12 | കുറ്റപത്രം സമർപ്പിച്ചു |
| 4 | മനോജൻ | 12/02/12 | UI |
| 5 | അബ്ദുൽ ഷുക്കർ | 20/02/12 | കുറ്റപത്രം സമർപ്പിച്ചു |
| 6 | അനീഷ് രാജൻ | 18/03/12 | UI |
| 7 | വിനീഷ് | 08/04/12 | കുറ്റപത്രം സമർപ്പിച്ചു |
| 8 | ടി. പി. ചന്ദ്രശേഖരൻ | 04/05/12 | 12 പ്രതികളെ കോടതി ശിക്ഷിച്ചു |
| 9 | എം. ബി. ബാലകൃഷ്ണൻ | 16/09/13 | കുറ്റപത്രം സമർപ്പിച്ചു |
| 10 | ഷജിൻ ഷാഹുൽ | 01/10/13 | UI |
| 11 | ഫാസിൽ | 04/11/13 | കുറ്റപത്രം സമർപ്പിച്ചു |
| 12 | നാരായണൻ നായർ | 05/11/13 | UI |
| 13 | ഹംസ<br>നൂറുദ്ദീൻ | 20/11/13 | കുറ്റപത്രം സമർപ്പിച്ചു |
| 14 | വിനോദ് കുമാർ | 01/12/13 | കുറ്റപത്രം സമർപ്പിച്ചു |
| 15 | അനൂപ് | 19/12/13 | UI |
| 16 | ശ്രീരാജ് | 15/04/14 | UI |
| 17 | രാജൻപിള്ള | 31/05/14 | UI |
| 18 | സുരേഷ് കുമാർ | 27/08/14 | കുറ്റപത്രം സമർപ്പിച്ചു |
| 19 | മനോജ് | 01/09/14 | UI. Transfered to CBI |

സെക്ഷൻ ഓഫീസർ